LIBRARY ARCHIVES Kerala Legislative Assembly

&

(ബി) സംസ്ഥാനത്തെ എല്ലാ പോളിടെക്നിക് കോളേജുകളിലും ഇത്തരം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിലെ 31 പോളിടെക്നിക്കുകളിൽ 17 ലക്ഷം രൂപ വീതം ആകെ 527 ലക്ഷം രൂപയാണ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫ്രം പോളിടെക്നിക് പദ്ധതിയുടെ (CDTP) നടത്തിപ്പിനായി കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയം ഓരോ സാമ്പത്തിക വർഷവും വകയിരുത്തിവന്നിരുന്നത്. ആയതിൽ 2017-18 സാമ്പത്തിക വർഷത്തിൽ 276 ലക്ഷം രൂപ മാത്രമാണ് സംസ്ഥാനത്തെ 25 പോളിടെക്നിക് കോളജുകൾക്ക് ലഭിച്ചത് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെ ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട 251 ലക്ഷം രൂപ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷയും വിനിയോഗ സർട്ടിഫിക്കറ്റും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ടി തുകയും അനുവദിക്കപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് വേണ്ടിയിരുന്ന തുക ലഭിക്കുന്നതിന് ആവശ്യമായ രേഖകളും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതും നാളിതുവരെയായി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിലാണ് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ CDTP കോഴ്സുകൾ നിർത്തിവയ്ക്കേണ്ടിവന്നത്. നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് ഉൾപ്പെടെയുള്ള 31 സ്ഥാപനങ്ങളിലും തുക അനുവദിച്ച് ലഭ്യമായ ശേഷം മാത്രമെ വീണ്ടും കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

കുറ്റിപ്പുറത്ത് പോളിടെക്നിക് കോളേജ് ആരംഭിക്കാൻ നടപടി

133 (4521) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂൾ പരിസരത്ത് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് ആരംഭിക്കുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 6 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. നാല് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശയാണ് നൽകിയിട്ടുള്ളത് എന്നാൽ പ്രോപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പാരമ്പര്യ കോഴ്സുകൾക്ക് പകരം എ.ഐ.സി.ടി.ഇ. നിബന്ധനപ്രകാരമുള്ള പുതുകോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.